# ഭാരതീയ ജനതാ പാർട്ടി

(സെൻട്രൽ ഓഫീസ്)
11, അശോകാ റോഡ്, ന്യൂഡൽഹി-01
ഫോൺ 011-23007500, ഫാക്സ്- 011-23005787

## ബിജെപി ദേശീയ വക്താവ് ശ്രീമതി നിർമലാ സീതാരാമൻ നടത്തുന്ന പ്രസ്താവന

28 ജനുവരി, 2013

1 ഇന്ന് ഒരുത്തരവാദിത്തപ്പെട്ട പത്രത്തിൽ ഉത്തർപ്രദേശിലെ മുൻ മുഖ്യമന്ത്രി കുമാരി മായാ വതിയുടെ ഒരു സഹോദരൻ നടത്തിയ ബഹുശത കോടിക്കണക്കിനു രൂപയുടെ കമ്പനി ഇടപാടു സംബന്ധിച്ച വാർത്ത വന്നിടുണ്ട്.

മുൻ യുപി മുഖ്യമന്ത്രിയുടെ സഹോദരൻ ശ്രീ ആനന്ത്കുമാറിന്റെ ഏഴു സ്വന്തം കമ്പനികൾ വഴി 22007-12 കാലത്തെ അഞ്ചുവർഷത്തിനിടെ 757 കോടി രൂപയാണ് അയാൾക്കു കിട്ടി യത്. അക്കാലത്ത് കുമാരി മായാവതിയായിരുന്നു ബന്ധപ്പെട്ട സ്ഥാനങ്ങളിൽ.

2011-ലെ നിയമസഭാ തെരഞ്ഞെടുപ്പുകാലത്ത്, ആനന്തകുമാർ 76 കമ്പനികൾ സ്വന്തമായി സ്ഥാപിച്ച് അവയിലൂടെ കള്ളപ്പണം വെളുപ്പിക്കുകയും വരുമാനത്തിൽ കവിഞ്ഞ വൻ തുക സ്വന്തമാക്കുകയും ചെയ്തതു സംബന്ധിച്ച് ബിജെപി അധികൃതർക്കു വിവരം സമർപ്പിച്ചതാ ണ്. 'ആനന്തകുമാറിന്റെ ഈ കമ്പനികൾക്ക് നികുതിയിളവുകളും ലഭിച്ചിരുന്നതായി ബി ജെപി റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നു. ആനന്തകുമാർ മുഖ്യമന്ത്രിയുമായുള്ള ബന്ധുത്വം ഈ പ്രവർത്തനങ്ങൾക്കു ദുരുപയോഗിച്ചിരുന്നു. ഇന്നത്തെ ഇക്കണോമിക് ടൈം സിൽ വന്ന വാർത്ത ബിജെപിയുടെ ആരോപണങ്ങൾ ശരിവെക്കുന്നതാണ്. കുമാറിന്റെ കമ്പനിയിലേക്ക് വിശദീകരിക്കാൻ കഴിയാത്ത വഴിയിലൂടെ വൻതോതിൽ പണം വന്നുചേർ ന്നിട്ടു ്. ഇല്ലാത്ത ഭൂമിയുടെയും വെളിപ്പെടുത്താത്ത വസ്തുക്കളുടെയും വിൽപ്പനയും വൻകിട കമ്പനികളുടെ ഓഹരി വിൽപ്പനയും മറ്റും വഴിയാണിവയെല്ലാം നടന്നിരിക്കുന്നത്. അവ്യക്തമായ സേവനങ്ങൾക്ക് മുൻകൂർ പണം വാങ്ങുന്ന വാദ്രാ മോഡൽ ഇടപാടാണ് ഇവിടെയും നടന്നിരിക്കുന്നത്.

അനന്തകുമാറിന്റെ കമ്പനിക്ക് ലഭിച്ചിരിക്കുന്ന പണത്തിന്റെ ഉറവിടം ഏതാണ്? ലക്ഷക്കണക്കിനു രൂപയുടെ നിക്ഷേപത്തിന്റെ പേരിൽ വൻതുകയുടെ ഡിവിഡന്റാണ് ആ നന്തകുമാറിനനു കിട്ടിയിരികുന്നത്. എങ്ങനെ എന്തുകൊണ്ട് അതു ലഭിച്ചു?

ബിഎസ്പി മേധാവിയുടെ സഹോദരൻ ഒട്ടേറെ മറുപടികൾ പറയേണ്ടതുണ്ട്. ബിഎസ് പി മേധാവിയാകട്ടെ, അഴിമതിയിൽ മുങ്ങിയ കോൺഗ്രസ് നയിക്കുന്ന യുപിഎ സർ ക്കാരിന്റെ സഖ്യകക്ഷിയാണ്. ചെറുകിട വിൽപ്പനയുടെ നേരിട്ടുള്ള വിദേശനി

ക്ഷേപത്തിന്റെ പാർലമെന്റു ചർച്ചയിൽ കുമാരി മായാവതിയുടെ ഇരട്ട നിലപാട് ഈ രാജ്യം മുഴുവൻ കണ്ടതാണ്.

* രാജ്യവ്യാപകമായി ബന്ധങ്ങളുള്ള ഈ കമ്പനികളെക്കുറിച്ച് ആഴത്തിലുള്ള അന്വേഷണം നടത്തണമെന്ന് ബിജെപി ആവശ്യപ്പെടുന്നു.

* ധനകാര്യ വകുപ്പ് ഈ കമ്പനികൾക്ക് നോട്ടീസ് അയക്കുമോ?

* ബിഎസ്പി മേധാവിയുടെ സഹോദരന്റെ ഈ കമ്പനികൾക്കെതിരേ അന്വേഷണങ്ങൾ നടത്തുമോ?

* കമ്പനികാര്യ വകുപ്പു മന്ത്രി ഈ സ്ഥാപനങ്ങൾ റെയ്ഡുചെയ്ത് രേഖകഹ പിടിച്ചെടുക്കുമോ?

**2.** ഇൻഡ്യൻ കർഷകരുടെ പേരിൽ നടത്തിയ മറ്റൊരു കുംഭകോണം വെളിച്ചത്തുകൊണ്ടുവന്നതിനു സിഎജിക്കു നന്ദി.

കർഷകരുടെ 52,280 കോടി രൂപയുടെ കടം എഴുതിത്തള്ളുന്ന പദ്ധതി യുപിഎ സർക്കാർ 008-ലാണ് അവതരിപ്പിച്ചത്. ഈ കാര്യത്തിൽ സിഎജി 2011-2012 കാലത്തെ പ്രവർത്തന റിപ്പോർട്ടു തയ്യാറാക്കി. 25 സംസ്ഥാനങ്ങളിൽ, 92 ജില്ലകളിൽ വിവിധ ബാങ്കുകളുടെ 715 ബ്രാഞ്ചുകൾ വഴി 90,576 കർഷകരുടെ അക്കൗണ്ടുകൾ സിഎജി പരിശോധിച്ചു. എന്നാൽ, ഈ പദ്ധതി നടപ്പാക്കാനുള്ള ഒരു സാങ്കേതിക സംവിധാനവും നടപ്പിലാക്കിയിട്ടില്ലെന്ന് സിഎജി കണ്ടെത്തി. കടാശ്വാസം സംബന്ധിച്ചുള്ള ദേശീയ മേൽനോട്ടക്കമ്മറ്റി അവരുടെ കർത്തവ്യത്തിൽ പരാജയപ്പെട്ടു. ധനകാര്യമന്ത്രാലയത്തിനും ആർബിഐക്കും നബാർഡിനും ഈ കാര്യത്തിൽ കുറ്റമറ്റ ഒരു സംവിധാനവുമില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഒരു നടപടിക്രമ റിപ്പോർട്ടും ലഭ്യമല്ല, എന്നിങ്ങനെയാണ് മാധ്യമങ്ങളിലെ വാർത്തകൾ.

നികുതി ദായകരുടെ 52000 കോടിരൂപ ശരിയാംവണ്ണം ചെലവിടുന്ന കാര്യത്തിൽ വേണ്ടുന്ന ഒരു ശ്രമവും സർക്കാർ കഴിഞ്ഞ അഞ്ചുവർഷമായി നടത്തിയിട്ടില്ല എന്നതാണ് ഏറ്റവും വിഷമിക്കുന്ന കാര്യം.

എന്നാൽ അപകടം മണത്തറിഞ്ഞ ധനമന്ത്രാലയം 2013 ജനുവരി 11-ന് ആർബിഐയോടും നബാർഡിനോടും വീഴ്ച വരുത്തിയ ബാങ്കുകൾക്കെതിരേ നടപടിയെടുക്കാൻ നിർദ്ദേശിച്ചു. അയോഗ്യരായ കർഷകരിൽനിന്ന് കടം തിരിച്ചുപിടിക്കാനും മന്ത്രാലയം ആവശ്യപ്പെട്ടു.

* ശേഷിക്കുന്ന 3.44 കോടി കർഷകരുടെ അക്കൗണ്ടുകളും സൂക്ഷ്മമായി ഓഡിറ്റു ചെയ്യണമെന്ന് ബിജെപി ആവശ്യപ്പെടുന്നു.

രണ്ടു ധനമന്ത്രിമാരാണ് ഈ പദ്ധതി ആസൂത്രണം ചെയ്തത്. 2009-ലെ തെരഞ്ഞെടുപ്പു മുന്നിൽ കണ്ടായിരുന്നു പി. ചിദംബരത്തിന്റെ ഈ കടം എഴുതിത്തള്ളൽ. പിന്നീടു വന്ന പ്രണബ് മുഖർജി ഒരു പരിശോധനയും കൂടാതെ ഈ പദ്ധതി നടപ്പാക്കി.

അതുകൊണ്ടാണ് ഈ പദ്ധതി പ്രകാരം അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കാതെ പോയത്. ഇപ്പോൾ സിഎജി റിപ്പോർട്ട് അതു വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

* പദ്ധതി നടപ്പാക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയതിനും നിഷ്ക്രിയത്വത്തിനും രണ്ടു ധനമന്ത്രിമാരുടെയും– പി.ചിദംബരത്തിന്റെയും പ്രണബ് മുഖർജിയുടെയും– പങ്കു വ്യക്തമാക്കണമെന്ന് ബിജെപി ആവശ്യപ്പെടുന്നു.

**(ഒ.പി.കോഹ്‌ലി)**

**ഹെഡ് ക്വാർട്ടേഴ്സ് ഇൻചാർജ്**